**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം.**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 7162 11.07.2014 -ൽ മറുപടി നൽകേണ്ടത്

**ഡെപ്യൂട്ടി കളക്ടർമാരുടെ നിയമനം**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.ഡി. സതീശൻ | ശ്രീ. അടൂർ പ്രകാശ്<br>ബഹു. റവന്യൂവും കയറും<br>വകുപ്പ് മന്ത്രി. |
| (എ) 1975 മുതൽ 2009 വരെയുള്ള കാലയളവിൽ കേരള സിവിൽ സർവ്വീസ് (എക്സിക്യൂട്ടീവ്) സ്പെഷ്യൽ റൂൾസ് ജി.ഒ. (എം.എസ്) 277/63/പി.ഡി. തീയതി 21.8.1963 ജി.ഒ. (പി) 540/80/ആർ.ഡി തീയതി 06.5.1980 (അമെന്റ്മെന്റ്) ജി.ഒ. (പി) 84/94/ആർ.ഡി തീയതി 17.3.1994 (അമെന്റ്മെന്റ്) അനുശാസിച്ചിട്ടുള്ള പ്രകാരം ഡെപ്യൂട്ടി കളക്ടർമാരുടെ ഡയറക്ട് റിക്രൂട്ട്മെന്റ് നിയമനം നടന്നിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര; ഇല്ലെങ്കിൽ അതിനുള്ള കാരണം എന്ത് ; | (എ) ഉണ്ട്. 67 പേർക്ക് നേരിട്ട് നിയമനം നൽകിയിട്ടുണ്ട്. |
| (ബി) 1975 മുതൽ 2009 വരെയുള്ള കാലയളവിലെ ഡെപ്യൂട്ടി കളക്ടർ മാരുടെ വർഷം തിരിച്ചുള്ള പെർമനന്റ് പോസ്റ്റിന്റെ എണ്ണം എത്ര ; | (ബി) ഡെപ്യൂട്ടി കളക്ടർ തസ്തികയിലെ സ്ഥിരം തസ്തികകൾ 1986 -ൽ 41 ഉം, 1989, 2005 എന്നീ വർഷങ്ങളിൽ ആയത് 55 ഉം ആയിരുന്നു. 2006 -ൽ 58 താൽക്കാലിക ഡെപ്യൂട്ടി കളക്ടർ തസ്തികകൾ സ്ഥിരം തസ്തികകളാക്കി മാറ്റിയിട്ടുണ്ട്. നിലവിൽ 110 സ്ഥിരം തസ്തികകളാണ് ഡെപ്യൂട്ടി കളക്ടർ കേഡറിലുള്ളത്. |

| | |
|---|---|
| (സി) കേരളത്തിൽ മൊത്തം എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട് ; | (സി) ഡെപ്യൂട്ടേഷൻ വിഭാഗത്തിൽ 5 പേരും, പി.എസ്.സി. മുഖാന്തിരം നേരിട്ട് നിയമനം ലഭിച്ച് ഇപ്പോൾ ട്രെയിനിംഗിൽ ഉള്ള 5 പേരും ഉൾപ്പെടെ 130 ഡെപ്യൂട്ടി കളക്ടർമാർ നിലവിൽ ജോലി ചെയ്യുന്നുണ്ട്. |
| (ഡി) പൊതുമേഖലാ സ്ഥാപനങ്ങളിൽ എത്ര ഡെപ്യൂട്ടി കളക്ടർമാർ ജോലി ചെയ്യുന്നുണ്ട് ; ഏതൊക്കെ പൊതുമേഖലാ സ്ഥാപനങ്ങളിലാണ് അവർ സേവനമനുഷ്ഠിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ഡി) മൂന്ന് പേർ - ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ്, കൊച്ചി, ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, പാലക്കാട്, സംസ്ഥാന ഭവന നിർമ്മാണ ബോർഡ് എന്നിവിടങ്ങളിലായി ഡെപ്യൂട്ടി കളക്ടർമാർ അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ.